# ട്രാൻസ്ജെൻഡറും സമൂഹവും; ഒരു ഉപരിപ്ലവമായ വിലയിരുത്തൽ

**(Transgender and society: a superficial assessment )**

**Ms.N.Madhavikutty**
Assistant professor
Dept.of. Languages(Malayalam)
AJK College of Arts and Science
Coimbatore-641105
Email ID - madhavikuttyn@ajkcas.com

**സാരാംശം (Abstract)**

ലിംഗത്വവും ലൈംഗികതയും സംബന്ധിച്ചുള്ള സാമൂഹിക ധാരണകൾ കാലാനുസൃതമായി മാറിക്കൊണ്ടിരിക്കുമ്പോഴും, ലൈംഗിക-ലിംഗത്വ ന്യൂനപക്ഷങ്ങൾ ഇന്നും സമൂഹത്തിൽ നിരവധി വെല്ലുവിളികൾ നേരിടുന്നു. സ്ത്രീ-പുരുഷ ഭിന്നതയെ അടിസ്ഥാനമാക്കിയുള്ള പരമ്പരാഗത സാമൂഹിക ഘടനകൾക്ക് പുറത്തുള്ള സ്വവർഗലൈംഗികത, ഉഭയവർഗലൈംഗികത, ട്രാൻസ്ജെൻഡർ സ്വത്വങ്ങൾ എന്നിവയുടെ നിലനിൽപ്പും അവയുടെ സാമൂഹിക-സാംസ്കാരിക പശ്ചാത്തലവും ഈ ലേഖനം പരിശോധിക്കുന്നു. കൂടാതെ, ട്രാൻസ്ജെൻഡർ സമൂഹത്തിന്റെ ജീവിതരീതികൾ, ആചാരങ്ങൾ, ബന്ധങ്ങൾ, തൊഴിൽമേഖല, വിവാഹം, നിയമപരമായ സ്ഥിതി എന്നിവയും വിശദീകരിക്കുന്നു. സാമൂഹിക അവഗണന, മാനസിക സമ്മർദ്ദം, നിയമപരമായ തടസ്സങ്ങൾ എന്നിവ മൂലം ഇവർ അനുഭവിക്കുന്ന പ്രതിസന്ധികൾ പ്രത്യേകം ശ്രദ്ധയിൽപ്പെടുത്തുന്നു. മനുഷ്യവൈവിധ്യത്തെ അംഗീകരിക്കുകയും ഉൾക്കൊള്ളലിലൂടെ സമത്വം ഉറപ്പാക്കുകയും ചെയ്യേണ്ടതിന്റെ ആവശ്യകതയാണ് ലേഖനം ഊന്നിപ്പറയുന്നത്.

**താക്കോൽവാക്കുകൾ(Keywords)**- ലിംഗത്വം (Gender) ലൈംഗികത (Sexuality) ലൈംഗിക ന്യൂനപക്ഷങ്ങൾ (Sexual Minorities) സ്വവർഗലൈംഗികത (Homosexuality) ഉഭയവർഗലൈംഗികത (Bisexuality) ഭിന്നവർഗലൈംഗികത (Heterosexuality) ട്രാൻസ്ജെൻഡർ (Transgender) സാമൂഹിക അവഗണന (Social Exclusion) മനുഷ്യാവകാശങ്ങൾ (Human Rights) ഉൾക്കൊള്ളൽ (Inclusion)

ലിംഗനീതിയേക്കുറിച്ച് പുത്തൻ ചർച്ചകൾ സജീവമായി ഉയരുന്ന സാഹചര്യത്തിൽ ഭിന്നലൈംഗികതയെ കൂടി ഉൾക്കൊള്ളുമ്പോഴാണ് ഒരു രാജ്യം ജനാധിപത്യത്തിലേക്ക് ഉയരുന്നത് എന്ന ഓർമപ്പെടുത്തലോടുകൂടി ഓരോ ചർച്ചകളും അവസാനിക്കുന്നു.ഈ ലോകം സ്ത്രീകളുടേയും പുരുഷന്മാരുടേയും മാത്രമല്ല തങ്ങളുടേതുകൂടിയാണെന്ന് പ്രഖ്യാപിച്ചുകൊണ്ട് സദാ കർമനിരതരായി നിലകൊള്ളുന്ന ലൈംഗികന്യൂനപക്ഷങ്ങൾ ഉണ്ട്. മനുഷ്യവർഗം ജീവശാസ്ത്രപരമായിതന്നെ വൈവിധ്യമായ ലിംഗഭേദവും ലൈംഗികതയുമുള്ള ജീവസമൂഹമാണ്. വൈവിധ്യ പൂർണ്ണമായ ജനവിഭാഗങ്ങളുടെ സമാധാനപരമായ സഹവർത്തിത്വ ത്തിന് ഉത്തമ ഉദ്ദാഹരണമാണ് ഇൻഡ്യ.വളരെയേറെ മാനുഷിക മൂല്യങ്ങളും സഹജമനോഭാവവും അവബോധവുമുള്ള ഒന്നാണ് അങ്ങനെയുള്ള സമൂഹം ബഹുസ്വരത ഇൻഡ്യൻ ജനാധിപത്യത്തിന്റെ അവിഭാജ്യഘടകമാണ് കാലം ചെല്ലുംതോറും മനുഷ്യ വൈവിധ്യ ത്തെകുറിച്ച് കൂടുതൽ പുതിയ കാര്യങ്ങൾ അറിയാൻ ഇടവരുന്നതോടെ സഹവർത്തിത്വത്തെ കുറിച്ചുള്ള നമ്മുടെ വിചിന്തനങ്ങൾ നിരന്തരമായ ആത്മ പരിശോധനയും പുതുക്കിപ്പണിയലുകളും ആവശ്യപ്പെടുന്നുണ്ട്

സമൂഹത്തെക്കുറിച്ചുള്ള ഭീതിമൂലവും തുറന്നപറയാൻ വിഷമമുള്ള കാരണ ങ്ങളാൽ മാനസികസംഘർഷം അനുഭവിക്കുകയും ഒറ്റപ്പെടുകയും ജീവിതത്തിൽ പിന്നോക്കമായി പോവുകയും ചെയ്യുന്ന ഒരു അദൃശ്യന്യൂനപക്ഷം എല്ലാ കുടുംബസൌഹൃദവലയങ്ങളിൽ തന്നെയും ഉണ്ടാകും. മാനവസമൂഹത്തിലെ ലൈംഗിക- ലിംഗത്വ ന്യൂനപക്ഷങ്ങളെ കറിച്ചാണ് ഇത് സൂചിപ്പിക്കുന്നത്.

ലൈംഗികതയിലൂടെ പ്രത്യുല്പാദനം നടത്തുന്ന മനുഷ്യർ ഉൾപ്പെടെയുള്ള ജീവികളിൽ ആൺ അല്ലെങ്കിൽ പെൺ എന്ന ലിംഗഭേദം ശാരീരികമായും മാനസികമായും പ്രകടമാണ്. സ്ത്രി അല്ലെങ്കിൽ പുരുഷൻ എന്ന ലിംഗഭേദത്തിൽ സൃഷ്ടിക്കപ്പെടുകയും സ്ത്രീ- പുരുഷബന്ധമെന്ന ഭിന്നവർഗലൈംഗികതയിലൂടെ പ്രണയം, രതി ,പ്രത്യുഷാദനം എന്നിവ അനുശീലിക്കുകയും ചെയ്യുന്നവരാണ് ഭൂരിപക്ഷം മനുഷ്യരും. ആൺ ലൈംഗികാവയവത്തോടെ ജനിക്കുന്നവർ 'ആണത്തം' എന്ന തന്മ രൂപഭാവങ്ങളിലൂടെ പ്രകടിപ്പിക്കാൻ ആഗ്രഹിക്കുന്നവരും പെണ്ണിനോട് ലൈംഗികാകർഷണം തോന്നുന്നവരുമാണ്.അതുപോലെ പെൺ ലൈംഗികാവയവത്തോടെ ജനിക്കുന്നവർ ഭൂരിപക്ഷവും 'പെണ്ണത്തം' എന്ന തന്മ രൂപഭാവങ്ങളിലൂടെ പ്രകടി പ്പിക്കാൻ ആഗ്രഹിക്കുന്നവരും ആണിനോട് ലൈംഗികാകർഷണം തോന്നുന്നവരും ആയിരിക്കും. എന്നാൽ സ്ത്രീ - പുരുഷലിംഗഭേദം, സ്ത്രീ- പുരുഷ ലൈംഗികത എന്നിവയ്ക്ക് പുറത്തുള്ള അവസ്ഥകളിൽ പെടുന്നവരാണ് സമൂഹത്തിലെ ഒന്നോ രണ്ടോ ശതമാനം മാത്രം വരുന്ന ന്യൂനപക്ഷ വിഭാഗം എന്ന് അവ സംബന്ധിച്ച പഠനങ്ങൾ ചൂണ്ടിക്കാട്ടുന്നു.സ്വന്തം ലിംഗത്തിലുള്ളവരോട് തന്നെ ലൈംഗികാകർഷണം തോന്നുന്നവരാണ് സ്വവർഗാനുരാഗികളായ ഒരു ന്യൂനപക്ഷം. ജന്മനായുള്ള ശാരീരിക ലിംഗാവസ്ഥയിൽ നിന്നും വ്യത്യസ്തമായ ലിംഗത്വം അനുഭവപ്പെടുന്നവരാണ് മറ്റൊരു ന്യൂനപക്ഷമായ ട്രാൻസ്ജൻഡർ വ്യക്തികൾ .ഈ പ്രധാന വിഭാഗങ്ങളെ കൂടാതെ മറ്റ് ചില ഉപവിഭാഗങ്ങളും ലൈംഗിക ന്യൂനപക്ഷങ്ങളുമുണ്ട്.

മനുഷ്യസമൂഹവും അതിന്റെ ഏറ്റവും ചെറിയ യൂണിറ്റായ കുടുംബവും സ്ത്രീ-പുരുഷ ലിംഗഭേദം എന്നതിന്റെ അടിസ്ഥാനത്തിൽ നിർമിതമാണ്. ആയതിനാൽ തന്നെ പരമ്പരാഗതമായ മാമൂലുകൾ പിന്തുടരുന്ന ഇന്ത്യയെ പോലുള്ള സമൂഹങ്ങളിൽ ലൈംഗിക ന്യൂനപക്ഷങ്ങൾക്ക് ഒഴുക്കിനെതിരെ നിന്തേണ്ടിവരുന്നതിനാൽ വളരെയധികം പ്രശ്നങ്ങളും അടിച്ചമർത്തലുകളും അനുഭവിക്കേണ്ടിവരുന്നു .തുറന്നു പറയാൻ ബുദ്ധിമുട്ടായ ഈ അവസ്ഥ മാനസികസംഘർഷം ഉത്കണ്ഠ,വിഷാദം എന്നീ ലഘുമനോരോഗങ്ങളായി പ്രകടമായേക്കാം. സ്വവർഗ ലൈംഗികത കുറ്റകരമായി വീക്ഷിക്കുന്ന കാലഹരണപ്പെട്ട നിയമവ്യവസ്ഥയും മനോരോഗമായി കണക്കാക്കുന്ന പഴഞ്ചൻ വൈദ്യശാസ്ത്രനിലപാടുകളും സാഹചര്യത്തിന്റെ രൂക്ഷത വർധിപ്പിക്കുന്നു സമ്മർദ്ദം താങ്ങാനാകാതെ ചിലർ ആത്മഹത്യയിൽ അഭയം പ്രാപിക്കുന്നു.മറ്റു ചിലർ അന്യനാടുകളിൽ പ്രവാസികളായി അഭയം തേടുന്നു.

### 1.1 ലിംഗത്വം/ലിംഗഭേദം (GENDER)

ഒരു വ്യക്തിയുടെ മാനസികമായ സ്ത്രി,പുരുഷൻ അല്ലെങ്കിൽ ഇവ രണ്ടും ചേർന്നുള്ളതോ, അല്ലാത്തതോ ആയ ലിംഗപരമായ സ്വത്വത്തെയാണ് ജെൻഡർ എന്ന് പറയുന്നത്. വ്യക്തിയുടെ സ്വത്വബോധപ്രകാരം രൂപഭാവങ്ങളിലൂടെ നടത്തുന്ന സാമൂഹികാവതരണമാണ് ലിംഗത്വം അഥവാ ജെൻഡർ. ലിംഗം എന്ന വാക്ക് ശാരീരികമായ സ്ത്രീ അല്ലെങ്കിൽ പുരുഷൻ എന്ന അവയവഘടനയെ സൂചിപ്പിക്കുന്നതിനാൽ ലിംഗത്വം ,ലിംഗഭേദം, ലിംഗതന്മ എന്നീ പദങ്ങളാണ് ജെൻഡർ എന്നതിന്റെ മലയാളമായി പ്രയോഗിക്കുന്നത്. ശരീരികമായ ലിംഗം ജെൻഡർ നിർണയിക്കുന്നതിൽ പങ്കുവഹിക്കാറുണ്ടെങ്കിലും എല്ലാവരിലും അങ്ങനെയാകണമെന്നില്ല .സ്ത്രീ -പുരുഷ സ്വത്വത്തിൽ ഒതുങ്ങാത്തതോ എന്നാൽ അവയ്ക്കിടയിൽ നിൽക്കുന്നതോ ആയ ഒന്നാണ് ജെൻഡർ. ഇതുമായി കൂടിച്ചേരുന്ന പദാവലികളാണ് ലിംഗം ലൈംഗികത തുടങ്ങിയവ ഇവ ശാരീരികമോ വ്യക്തി കേന്ദ്രീകൃതമോ ആയ ഒന്നാണ് എന്ന് വിലയിരുത്താം. ഒരു വ്യക്തിയുടെ ലൈംഗികതാല്പര്യം പ്രണയം എന്നിവ ഭിന്നവർഗ ത്തോടാണെ ങ്കിൽ ഭിന്നവർഗലൈംഗികത. സ്വവർഗത്തോടാണെങ്കിൽ സ്വവർഗ ലൈംഗികത എന്നൊക്കെ സൂചിപ്പിക്കുന്നു. എൽജിബിടിഐ എന്ന ലൈംഗികന്യൂനപക്ഷത്തിലെ ഗേ-പുരുഷന്മാർ, ലെസ്ബിയൻ-സ്ത്രീകൾ ബൈസെക്ഷ്വൽ ആളുകൾ ട്രാൻസ് ജെൻഡറുകൾ എന്നിവരാണ് ഭൂരിപക്ഷത്തിൽ നിന്നും വ്യത്യസ്തമായ ലൈംഗികത അനുഭവപ്പെടുന്നവർ.

### 1.1.1 ഭിന്നവർഗലൈംഗികത (HETEROSEXUALITY)

സ്ത്രീവർഗവും പുരുഷവർഗവും അടങ്ങുന്ന സമൂഹത്തിലെ ഭൂരിപക്ഷത്തിൽ കണ്ടുവരുന്ന,ഭിന്നമായ വർഗങ്ങൾ (സ്ത്രീയും പുരുഷനും)തമ്മിലുള്ള ലൈംഗികതയെ സൂചിപ്പിക്കുന്ന പദമാണ് ഭിന്നവർഗലൈംഗികത സ്ത്രീ-പുരുഷ ലൈംഗികതയ്ക്ക് പുറത്തുള്ള ലൈംഗിക -ലിംഗത്വ ന്യൂനപക്ഷങ്ങളെ കുറിച്ച് ചർച്ച ചെയ്യുമ്പോൾ ഭൂരിപക്ഷത്തിൽ കണ്ടുവരുന്ന ലൈംഗികതയ്ക്ക് കൃത്യമായി പേരുനൽകി അടയാളപ്പെടുത്തേണ്ടതുണ്ട്.

### 1.1.2 സ്വവർഗലൈംഗികത (HOMOSEXUALITY)

സ്ത്രീവർഗവും പുരുഷവർഗവും അടങ്ങുന്ന സമൂഹത്തിലെ ന്യൂനപക്ഷത്തിൽ കണ്ടുവരുന്ന സ്വന്തം വർഗത്തിനോട് സ്ത്രീയ്ക്ക് സ്ത്രീയോടും,പുരുഷന് പുരുഷനോടും തന്നെ തോന്നുന്ന ലൈംഗികാകർഷണത്തെ സൂചിപ്പിക്കുന്ന പദമാണ് സ്വവർഗലൈംഗികത ഇത് തികച്ചും സ്വാഭാവികവും ജൈവികവുമായ പ്രക്രിയ തന്നെയാണ്.

### 1.1.3 ഉഭയവർഗലൈംഗികത (BISEXUALITY)

സമൂഹത്തിലെ ഒരു ന്യൂനപക്ഷത്തിൽ പ്രത്യക്ഷമാവുന്ന ഒരു വ്യക്തിക്ക് രണ്ട് വർഗത്തോടുള്ള(സ്ത്രീയോടും, പുരുഷനോടും)ലൈംഗികാകർഷണത്തെയാ ണ് ഉഭയവർഗ ലൈംഗികത എന്ന പദം സൂചിപ്പിക്കുന്നത്.

### 1.1.4 പുരുഷ സ്വവർഗപ്രേമി -സ്ത്രീ സ്വവർഗപ്രേമി

പുരുഷനോട് മാത്രം ലൈംഗികാകർഷണവും പ്രണയവും അനുഭവപ്പെടുന്ന പുരുഷനെ സൂചിപ്പിക്കുന്ന പദമാണ് ഗേ. പുരുഷനായി ജനിച്ച് അങ്ങനെ തന്നെ അറിയപ്പെടാനാഗ്രഹിക്കുകയും തികച്ചും സ്വവർഗലൈംഗികതയുള്ളവരുമാണ് ഇക്കൂട്ടർ .സ്വവർഗപ്രേമി, സ്വവർഗസ്നേഹി, സ്വവർഗാനുരാഗി എന്നീ പദങ്ങൾ പ്രയോഗത്തിലുണ്ട്.സ്ത്രീയോട് മാത്രം ലൈംഗികാകർഷണവും പ്രണയവും അനുഭവപ്പെടുന്ന സ്ത്രീയെ സൂചിപ്പിക്കുന്ന വാക്കാണ് ലസ്ബിയൻ സ്ത്രീയായി ജനിച്ച് അങ്ങനെതന്നെ അറിയപ്പെടുകയും സ്വവർഗലൈംഗികതയുള്ളവരുമാണ് ഇക്കൂട്ടരും.

### 1.1.5 ട്രാൻസ്ജെൻഡർ

ജന്മനായുള്ള ശാരീരിക ലിംഗവും മാനസികമായ ലിംഗത്വവും തമ്മിൽ വളരെയധികം വ്യത്യാസം അനുഭവപ്പെടുന്ന ന്യൂനപക്ഷവിഭാഗമാണ് ട്രാൻസ്ജെൻഡർ .വ്യക്തി ആണായി ജനിച്ച് പെണ്ണായി ജീവിക്കാൻ ആഗ്രഹിക്കുകയും പെണ്ണായി ജനിച്ച് ആണായി ജീവിക്കാൻ ആഗ്രഹിക്കുകയും ആൺ പെൺ സ്വത്വത്തിൽ ഒതുങ്ങാതിരിക്കുകയും ചെയ്യുന്നവർ എല്ലാം ഇതിന്റെ ഉപവിഭാഗങ്ങളാണ്. ചില ട്രാൻസ്ജെൻഡർ വ്യക്തികൾ ലിംഗമാറ്റ ശസ്ത്രക്രിയയിലൂടെ തന്റെ ശാരീരികമായ ലിംഗാവസ്ഥയെ മാനസികമായ ലിംഗത്വത്തിന് അനുരൂപമാക്കി അവ തമ്മിലുള്ള പൊരുത്തക്കേടിനെ പരിഹരിക്കുന്നു.

#### 1.1.5.1 ട്രാൻസ് സ്ത്രി, ട്രാൻസ് പുരുഷൻ

ആണായി ജനിച്ച് സ്വയം പെണ്ണെന്ന് തിരിച്ചറിയുകയും ചെയ്യുന്ന ട്രാൻസ്ജെൻഡർ വ്യക്തിയാണ് ട്രാൻസ് സ്ത്രീ.പുരുഷ ശരീരത്തിൽ ജനിച്ച സ്ത്രീയായി ഇവരെ കരുതാം സ്ത്രീയുടെ പേരു സ്വീകരിക്കാനും സ്ത്രീയുടെ രൂപഭാവങ്ങൾ വസ്ത്രത്തിലും പെരുമാറ്റത്തിലും പ്രകടിപ്പിക്കാനും ഇവർ ആഗ്രഹിക്കുന്നു. ചിലർ ലിംഗമാറ്റ ശസ്ത്രക്രിയയിലൂടെ ശരീരത്തെ സ്ത്രീ യുടേതു പോലെയുള്ളതാക്കി മാറ്റാറുണ്ട് .മിക്ക

ട്രാൻസ് സ്ത്രീകളുടേയും ലൈംഗികതാൽപര്യം പുരുഷനോടാണെങ്കിലും ചുരുക്കം ചിലരിൽ സ്വവർഗലൈംഗികതയും ഉഭയലൈംഗികതയും കണ്ടുവരാറുണ്ട്.

പെണ്ണായി ജനിച്ച് സ്വയം ആണാണെന്ന് തിരിച്ചറിയുന്ന ട്രാൻസ്ജെൻഡർ വ്യക്തിയാണ് ട്രാൻസ്- പുരുഷൻ .സ്ത്രീ ശരീരത്തിൽ ജനിച്ച പുരുഷനായി ഇവരെ കരുതാം പുരുഷന്റെ പേരു സ്വീകരിക്കുവാനും പുരുഷൻറെ രൂപഭാവങ്ങൾ വസ്ത്രത്തിലും പെരുമാറ്റത്തിലും പ്രകടിപ്പിക്കാനും ഇവർ ആഗ്രഹിക്കുന്നു .ചിലർ ലിംഗമാറ്റ ശസ്ത്രക്രിയയിലൂടെ പുരുഷ ശരീരം പോലുള്ളതാക്കുന്നു.ഏറിയകൂറും ലൈംഗികചായവ് സ്ത്രീകളോടായിരിക്കുമെങ്കിലും ചിലരിൽ സ്വവർഗ-ഉഭയവർഗലൈംഗികതയും കണ്ടുവരുന്നുണ്ട്.

ലിംഗവ്യത്യാസങ്ങളെ സംബന്ധിച്ച പരമ്പരാഗത മാതൃകയിൽ നിന്നോ,ജന്മനാൽ ഉണ്ടാകുന്ന ലിംഗത്തിൽ നിന്നോ വ്യതിയാനം ഉള്ളതോ അഥവാ അതിന് യോജിക്കാത്തതോ ആയ ലിംഗവ്യക്തിത്വം സ്വഭാവം,ലിംഗപ്രകാശനം കാണിക്കുന്ന മനുഷ്യരെയാണ് പൊതുവെ ട്രാൻസ്ജൻഡർ എന്ന് വിളിക്കുന്നത്. ഹിജഡ, മൂന്നാംലിംഗം, അപര ലിംഗർ,ലിംഗാതീതർ എന്നീ വാക്കുകൾ കൊണ്ടാണ് പൊതുവെ ഇന്നുവരെ പലരും വിശേഷിപ്പിക്കുന്നത് ഇതരം പദങ്ങളും മറ്റും അവരെ അപഹസിക്കുന്നതിനും അപമാനിക്കുന്നതിനും മാത്രമാണ് ഉപയോഗിക്കുന്നത്.ലൈംഗികന്യൂനപക്ഷം എന്നറിയപ്പെടുന്ന എൽജിബിടിഐ സമൂഹത്തിലെ 'ടി' എന്ന വിഭാഗമാണിവർ. ശാരീരികമായ ലിംഗത്തെയല്ല മറിച്ച് മാനസികമായ ലിംഗത്വത്തെയാണ് ഇവർ പ്രതിനിധാനം ചെയ്യുന്നത്. ലിംഗവ്യത്യാസങ്ങളെ കുറിച്ചുള്ള പരമ്പരാഗത ധാരണകളും അടയാളങ്ങളും യോജിക്കുന്നതല്ലെന്ന് തിരിച്ചറിയുകയും മാനസികമായി മറ്റൊരു ലിംഗത്തിൽ പെടുന്നവരും ഈ ഗണത്തിൽപ്പെടും.

### 1.1.6 ട്രാൻസ്ജെൻഡർ പദപ്രയോഗം

ട്രാൻസ് ജെൻഡർ വാക്കിന്റെ 1960 കളിലാണ് തുടങ്ങിയത്.എന്നാൽ ലിംഗമാറ്റ ശസ്ത്രക്രിയ കൂടാതെ സ്വന്തം സ്വത്വത്തെ അംഗീകരിച്ചവരെ ഈ പദം കൊണ്ട് സൂചിപ്പിച്ചുതുടങ്ങിയത് 1970കളിലാണ് 1980കളോടെ ജനിച്ചതിൽ നിന്ന് ഭിന്നമായി ലിംഗസ്വഭാവം പ്രകടിപ്പിക്കുന്നവരെ മുഴുവൻ ഈ പദം കൊണ്ട് അടയാളപ്പെടുത്തി .1990കളിൽ ലൈംഗികന്യൂനപക്ഷങ്ങൾക്കെതിരായ ചൂഷണം അവരുടെ അവകാശങ്ങൾ എന്നിവ സംബന്ധിച്ച് ട്രാൻസ്ജെൻഡർ എന്ന പദത്തിന് ഒരു രാഷ്ട്രീയമാനം കൈവന്നു.നപുംസകം, ശിഖണ്ഡി ,അറവാണി ഹിജഡ,ദില്ലിംഗം തുടങ്ങി സമൂഹം ചാർത്തി കൊടുത്ത പദങ്ങൾ ഒരുപാടുണ്ട്.എന്നാൽ ഇതിനു പുറമെ പ്രാദേശികമായി ഒട്ടനവധി തെറിവാക്കുകൾ കൊണ്ട് ഇവരെ സൂചിപ്പിക്കുന്നു. അന്ന് ഇവരെ അവഹേളിക്കുന്നതിനു മാത്രമാണ് പ്രയോഗിക്കുന്നത്.

## 1.2 ട്രാൻസ്ജെൻഡർ ജീവിതവും നിയമങ്ങളും

വർണാഭമായ ഒരു ഭൂതകാലത്തിന്റെ മധുരസ്മരണകൾ പേറുകയാണ് ഇന്ന് ട്രാൻസ് ജെൻഡറുകൾ. മുഖ്യധാരാ സമൂഹം വിശുദ്ധമായ സ്ഥാനമൊന്നുമല്ല ഇവർക്ക് നൽകുന്നത് എന്ന് ഇവരെ വിളിക്കുന്ന പേരുകളിൽ നിന്ന് നമുക്ക് മനസിലാക്കാം. ഭൂരിപക്ഷ സമൂഹത്തിൽ നിന്നും അന്യവത്കരിക്കപ്പെട്ട ഇവർ ഇവരുടേതായ ജീവിതരീതികളും ആചാരങ്ങളും അനുഷ്ഠാനങ്ങളും നടത്തിവരുന്നുണ്ട്.മത്തടുക്കൽ,ഗുരുചേലവിവാഹം തുടങ്ങി പലതിലായി ഇവരുടെ സംസ്കാരാചാരങ്ങൾ വ്യാപിച്ചുകിടക്കുന്നു.

### 1.2.1 ദത്തെടുക്കൽ

ട്രാൻസ്ജെൻഡറുകൾ അവരുടെ വംശം നിലനിർത്തുന്നത് ദത്തെടുക്ക ലിലൂടെയാണ് പ്രസവിക്കാൻ കഴിയാത്ത ജീവശാസ്ത്രപരമായ അവസ്ഥയെ ദത്തെടു ക്കവിലൂടെ അതിജീവിക്കുകയാണ് ടാൻസെൻഡറുകൾ ചെയ്യുന്നത്.വെള്ളിയാഴ്ചകളിൽ ജമാഅത്ത് (സഭ) കൂടുമ്പോഴാണ് ഇത്തരം കാര്യങ്ങൾ അവതരിപ്പിക്കുന്നത്,

"___എന്ന ഞാൻ ___..എന്ന ആളുടെ അമ്മയാകാൻ ആഗ്രഹിക്കുന്നു". എന്ന് സമ്മതമാണെന്ന് സഭയ്ക്ക് മുന്നിൽ വെളിപ്പെടുത്തുന്നു. അതോടെ ദത്തെടുക്കൽ ചടങ്ങ് ആരംഭിക്കുന്നു. പൂജകളും,പതിനൊന്ന് തരം ഫലങ്ങളും, വിളക്കുംചന്ദനത്തിരിയുമെല്ലാം ചടങ്ങിന് ആവശ്യ മായി വരുന്നു. നിരവധി സംസ്കാരങ്ങളുടെ സമന്വയവും അതിൽ നിന്നുമുണ്ടാകുന്ന പുതുമയുമാണ് ടാൻസ് കൾച്ചർക്കുത്തെടുക്കലിന് ദത്തെടുക്കുന്ന ആളും ദത്തെടുക്കപ്പെടുന്ന ആളും തമ്മിലുണ്ടായി പ്രായവ്യത്യാസങ്ങളെ നിയമങ്ങളൊന്നും ട്രാൻസ്ജെൻഡറു കളുടെ ദറത്തടുക്കലിന് ബാധകമല്ല.ദത്തെടുക്കൽ പ്രകാരം ദത്തെടുക്കപ്പെടുന്ന കുട്ടി ദത്തെടുക്കുന്നയാളുടെ ദൂത് ബേട്ടിയാണ്.

### 1.2.2 ഗുരു ചേല

ട്രാൻസ്ജെൻഡർ സമൂഹത്തിലേക്കുള്ള പ്രവേശനം ആരംഭിക്കുന്നത് ബന്ധത്തിലൂടെയാണ് ട്രാൻസ്ജെൻഡറായി ജീവിക്കാനാഗ്രഹിക്കുന്നയാൾ മറ്റൊരു ട്രാൻസ്ജെൻഡറിനെ തന്റെ ഗുരുവായി സ്വീകരിക്കുന്നു.ജമാഅത്തിൽ വച്ചാണ് ഈ ചടങ്ങും നടക്കുക.ദത്തെടുക്കലിലൂടെ കുടുംബജീവിതവും ബന്ധത്തിലൂടെ സാമൂഹ്യജീവിതവുമാണ് ഇവർക്ക് ലഭ്യമാകുന്നത്.നായ്ക്-ഗുരു ചേല നാട്ടിച്ചേല ഈ രീതിയിലാണ് ചേലയായി മാറുന്നതോടെ ഒരുപാട് നിബന്ധനകളും വിലക്കുകളും നേരിടേണ്ടിവരുന്നു.ചേല ചുരുങ്ങിയത് ഒരു വർഷമെങ്കിലും നാരീഗ്രഹത്തിൽ കഴിയണം.ഒരുവർഷം വിജയകരമായി പൂർത്തിയാക്കിയാൽ ഹൽദിമെഹന്തിയ്ക്ക് സമയമാകും നാൽപ്പതു ദിവസം നീളുന്ന ചടങ്ങാണിത് അവരുടെ ആയുസ്സിലെ വസന്തകാലമായിട്ടാണ് ഇതിനെ കണക്കാക്കുന്നത്. ആട്ടവും പാട്ടുമായി നാൽപ്പതു ദിവസം ആഘോഷമാണ്. ട്രാൻസ്ജെൻഡറായി തന്റെ സ്വത്വത്തെ വെളിപ്പെടുത്തലാണ് യഥാർത്ഥത്തിൽ ഈ ചടങ്ങ്. ആണോ പെണ്ണോ ആയല്ല ആണും പെണ്ണുമായാണ് എന്ന ബോധ്യം നിർവാണ ഉൾക്കൊള്ളുന്നു.കൃത്യനിഷ്ഠമായ ആചാരാനുഷ്ഠാനങ്ങൾ സജ്ജമാക്കും. നിർവാണനു അയ്യാറാകും മുമ്പ് ചേലയുടെ ആഗ്രഹങ്ങൾ സാധ്യമാക്കി നൽകുന്നു.മംഗളകർമത്തിനു മുമ്പ് തേങ്ങയുടച്ച് ശുഭാശുഭങ്ങ മനസ്സിലാക്കുകയും അതുവഴി കർമം നടക്കുകയോ നടക്കാതിരിക്കാനോ സാധ്യതയുണ്ട്. സമുദായത്തിലെ ദായമ്മ മറ്റു അംഗങ്ങളോട് ചേർന്ന് പ്രാർത്ഥിക്കുകയും ഒപ്പം പാലിൽ തിളപ്പിച്ച കത്തിയെടുത്ത് ലിംഗച്ഛേദം നടത്തുകയും ചെയ്യും ഈ സമയം നിർവാണം നടക്കുന്നയാളിൽ ദൈവം ആവേശിക്കുന്നു എന്ന് വിശ്വസിക്കുന്നു.

### 1.2.3 തൊഴിൽമേഖല

ടാൻസ്ജെൻഡർ ജീവിതങ്ങളെ സംബന്ധിച്ചിടത്തോളം വലിയ തിരഞ്ഞെടുപ്പുകളുടെ സാധ്യതയില്ലാത്ത ഒന്നാണ് തൊഴിൽമേഖല. ഭിക്ഷാടനം ലൈംഗിക തൊഴിലും ബദായിയുമായിരുന്നു മുഖ്യ ജീവിതോപാധികൾ മുഖ്യധാരാ സമൂഹം അംഗീകരിക്കാത്ത ലിംഗവ്യവസ്ഥയിൽ പെടുന്നവരായതിനാൽ തൊഴിൽമേഖലകളിൽ ഇവർ ഏറെ അവഗണിക്കപ്പെടുന്നു. അപൂർവ്വമായി ലഭിക്കുന്ന ജോലികൾ ആകട്ടെ ബന്ധപ്പെട്ട മേഖലകളിൽ നിന്നുണ്ടാകുന്ന ശാരീരികവും മാനസികവുമായ പീഡനങ്ങൾ കാരണം ഉപേക്ഷിക്കാൻ നിർബന്ധിതരാക്കുകയും ചെയ്യും. ഉപജീവനത്തിനായി മുഖ്യധാരാ സമൂഹത്തിന്റെ ഭാഗമായി വർത്തിക്കാൻ കഴിയാത്ത ഒരു സാഹചര്യം നിലവിലുള്ളതാണ് ട്രാൻസ്ജെൻഡർ വിഭാഗത്തെ സാംസ്കാരിക സാമ്പത്തിക രാഷ്ട്രീയ പിന്നോക്കാവസ്ഥയിലേക്ക് നയിക്കുന്നതിന് പ്രധാന കാരണം. ബദായിയിൽ നിന്നുള്ള വരുമാനം വല്ലപ്പോഴും മാത്രമുള്ളതാകയാൽ അതിനെ മാത്രം ആശ്രയിച്ച് ജീവിക്കുക എന്നത് പ്രായോഗികമല്ല .എല്ലായ്പ്പോഴും അകറ്റിനിർത്തുന്ന സമൂഹം ഒരു അളവിലെങ്കിലും ഇവരെ അംഗീകരിക്കുന്നത് ബദായിയുടെ സമയത്താണ്. ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിലാണ് ഇത് കൂടുതലായി നടക്കുന്നത് മംഗളകർ നടക്കുന്ന വേളയിൽ, കുഞ്ഞിന്റെ ജനനവുമായി ബന്ധിച്ചു വീടുകളിൽ ചെന്ന് അനുഗ്രഹവും സന്തോഷവും അറിയിക്കുന്നു. ഇത് അനുഗ്രഹമായി തന്നെയാണ് സമൂഹം കണക്കാക്കുന്നത് എന്നാൽ അപ്പോഴും പാലിക്കേണ്ട ഒരു അകലം അവർ നിലനിർത്തുന്നു. ചിലരെങ്കിലും ഉപജീവനമാർഗം എന്നതിലുപരി തങ്ങളുടെ വർഗ്ഗത്തിന്റെ പരമ്പരാഗത തൊഴിൽ എന്ന രീതിയിലും സെക്സ് വർക്ക് ചെയ്യുപോരുന്നു

.ചിലയിടങ്ങളിൽ ആക്രമിച്ചു ഭിക്ഷാടനം നടത്തുന്നു.പണം നൽകുന്നവരെ അനുഗ്രഹിക്കുകയും നല്ലാത്തവരെ മോശമായി ശപിക്കുകയും ചെയ്യുന്നു .ഇത് സമൂഹത്തിൽ നിന്നും അവരെ കൂടുതൽ അകറ്റുന്നതിന് തന്നെ കാരണമാകുന്നു.

### 1.2.4 വിവാഹം, കുടുംബജീവിതം

ട്രാൻസിജൻഡർ സമൂഹത്തിൽ വിവാഹവും കുടുംബ ജീവിതവും ഉണ്ട്. തമിഴ്നാട്ടിലെ വില്ലുപുറത്തിന് അടുത്തുള്ള കൂത്താണ്ടവർ ക്ഷേത്രത്തിലെ ഉത്സവത്തിന് ട്രാൻസ് ജെൻഡറുകൾ ഒത്തുചേരാറുണ്ട്.ഒരു പുരാവൃത്തമാണ് ഈ ഉത്സവത്തിന് നിദാനം. മഹാഭാരതം കഥയിലെ ഒരു ഇതിവൃത്തമാണ് ഇവിടെ വിശ്വസിക്കപ്പെടുന്നത് കരുക്ഷേത്രയുദ്ധം മുറുകിയ വേളയിൽ പാണ്ഡവരുടെ വിജയത്തിനായി സ്വയം ബലി നൽകാൻ അർജുനന് നാഗ സുന്ദരിയായ ഉലൂപിയിൽ ജനിച്ച മകൻ അറവാൻ തയ്യാറായി .ഈ രാത്രി എങ്കിലും വിവാഹിതനായി കഴിയണമെന്ന അറവാന്റെ അവസാന ആഗ്രഹ പൂർത്തീകരണത്തിനായി സ്ത്രീകളാരും തയ്യാറാകാത്തതിനെ തുടർന്ന് ശ്രീകൃഷ്ണൻ മോഹിനി രൂപം പൂണ്ട് അറവാന്റെ വധുവായി. അങ്ങനെ ശ്രീകൃഷ്ണൻറെ മോഹിനി രൂപം ആണ് തങ്ങൾ എന്ന് സങ്കൽപ്പിച്ച് ടാൻസ്ജെൻഡറുകൾ വർഷംതോറും കൂത്താണ്ടവർ ക്ഷേത്രത്തിൽ താലികെട്ടിന് എത്തുന്നു. ആചാരപൂർവം അറവാന്റെ വധുവായി എത്തുന്ന ഓരോ ട്രാൻസ്ജെൻഡറും മംഗല്യ താലിയോടൊപ്പം നിറമാർന്ന കുപ്പിവളകളും അണിഞ്ഞിരിക്കുന്നു ബാഹ്യശില്പ സൗന്ദര്യങ്ങൾ ഒന്നുമില്ലാത്ത ഒരു കെട്ടിടസമുച്ചയം ആണ് കൂത്താണ്ടവർ ക്ഷേത്രം. അറവാൻ ആണ് പ്രധാന പ്രതിഷ്ഠ. വിദേശികളടക്കം ആയിരങ്ങൾ ഉത്സവത്തിന് എത്തിച്ചേരും. ക്ഷേത്ര പൂജാരിയാണ് താലി ചാർത്തുന്നത്. അറവാൻ തന്നെ താലി ചാർത്തുന്നു എന്ന് വിശ്വസിക്കുന്നു. ഒറ്റ രാത്രി നീളുന്ന പ്രതീകാത്മക താലികെട്ടിന് ഒടുക്കം കുറിക്കുന്നത് പിറ്റേദിവസം രാവിലെ താലി അറുത്ത് മാറ്റുന്ന ചടങ്ങോടെയാണ് കുപ്പിവളകൾ ഉടച്ച് ആചാരത്തിന്റെ ഭാഗമായി വൈധവ്യം സ്വീകരിക്കുന്നു. ആൺ- പെൺ വിവാഹം; പ്രത്യുൽപാദനം ,ലൈംഗിക അരാജകത്വം ഒഴിവാക്കുന്നതിനും സ്വത്തുക്കൾ അനാഥമായി പോകാതിരിക്കാനും സാധാരണഗതിയിൽ വംശം നിലനിർത്താനും ഉള്ളതാണെങ്കിൽ ട്രാൻസ് വിവാഹം സ്നേഹമസൃണമായ കൂട്ടിനുവേണ്ടിയുള്ളതാണ്. ഇന്ന് ട്രാൻസ് വിവാഹങ്ങൾ ആഘോഷമായി കേരളത്തിൽ നടന്നുവരുന്നു. കൂടാതെ മറ്റു ലൈംഗിക ന്യൂനപക്ഷങ്ങളുടെ പങ്കാളിത്ത ജീവിതങ്ങളും സാധ്യമായി വരികയാണ്.

### 1.2.5 വിവാഹ നിയമം

ഒരു സിവിൽ കോൺട്രാക്ട് വേണ്ടി ചില യോഗ്യതകൾ എങ്കിലും ടാൻസ്ജെൻഡർ വിവാഹങ്ങൾക്ക് ആവശ്യമാണ്. എന്നാൽ, വിവാഹ ബന്ധങ്ങൾക്ക് തടസ്സമായി വരുന്ന ചില സാമുദായിക -മാനസിക ബന്ധങ്ങൾ ഇവർക്കിടയിലുണ്ട്. ദത്തെടുക്കൽ വഴിയാണ് ഇത് ഉണ്ടാവുന്നത് .ഗുരു ചേല ബന്ധംഒരുപരിധിവരെ ഭർത്താവിന്റെ അധികാരത്തിൽ വരും .എങ്കിലും ഇവർ തമ്മിൽ ദാമ്പത്യബന്ധം പാടില്ല. ഒരേ ഗുരുവിന്റെ ചേലകൾ തമ്മിൽ വിവാഹം നിഷിദ്ധമാണ് .ജേഷ്ഠത്തി അനുജത്തിമാരുടെ ചേലകൾ തമ്മിലുള്ള വിവാഹം നിഷിദ്ധം. എന്നിങ്ങനെ നിയമവ്യവസ്ഥിതികൾ ഉണ്ട്.

### 1.2.6 ആഘോഷം

ട്രാൻസ്ജൻഡർ ജീവിതത്തിലെ ചില പൂക്കാലം എന്ന് വിശേഷിപ്പിക്കുന്നതിൽ ഒന്ന് ട്രാൻസ്ജൻഡർ സമൂഹത്തിൽ സ്വീകരിക്കുന്നതിന് മുന്നോടിയായി നടക്കുന്ന ഹൽദി - മെഹന്തി ആണ്. തൻറെയും ഗുരുവിനെയും നിത്യജീവിതത്തിനുള്ള വരുമാനം പരമ്പരാഗതരീതിയിൽ നേടി ഒരു വർഷം തികയുമ്പോൾ നാൽപ്പത്തിയൊന്ന് ദിവസം നീണ്ടുനിൽക്കുന്ന മൈലാഞ്ചിയുടെ ചടങ്ങ് ചേലക്കായി ആയി കടന്നുവരുന്നു. ട്രാൻസ് സമൂഹത്തിലേക്ക് കടന്നുവരുന്ന, സ്ത്രീ നാമം സ്വീകരിച്ചു സ്ത്രൈണത അംഗീകരിക്കപ്പെടുന്ന അവസ്ഥയാണിത്. ആട്ടവും പാട്ടുമായി ആഘോഷത്തിന് നാൽപ്പത്തിയൊന്നാം ദിവസം പിന്നിടുമ്പോൾ പുതിയ ചേല ട്രാൻസ്ജൻഡർ ആയി അംഗീകരിക്കപ്പെടുന്നു. ടാൻസ്ജെൻഡറുകൾ പൊതുവെ ജീവിതത്തിന്റെ ആഘോഷപരതയിൽ തൽപരരാണ്. കൂടാതെ മിക്കവരും സഞ്ചാരപ്രിയരും ആണ്.

അവരുടെ പ്രധാനദേവത യെല്ലമ്മയാണ്. മറ്റൊരു ദേവത സന്തോഷിമാതയാണ്, കോഴിയുടെ പുറത്ത് സഞ്ചരിക്കുന്ന സന്തോഷി മാതക്ക് കാളിയുടെ രൂപമാണ്.

### 1.2.7 മരണം

ട്രാൻസ്ജെൻഡറുകൾക്ക് ഇടയിലെ മരണം സ്ഥലത്തെയും സമീപപ്രദേശങ്ങളിലെയും മുഴുവൻ ട്രാൻസ്ജെൻഡറുകളേയും അറിയിക്കുന്നു. കുളിപ്പിച്ച് വൃത്തിയാക്കി പൂവ് ചൂടിക്കുന്നു. കുങ്കുമവും മഞ്ഞൾപ്പൊടിയും തൊട്ടുവിയ്ക്കുന്നു. ഗുരുവാണ് മരിച്ചതെങ്കിൽ ചേലകൾ കുളിച്ച് വൃത്തിയായി വെള്ള സാരി ഉടുത്ത് കുപ്പിവളകൾ അണിയുന്നു. ചിതക്ക് ചേല തീ കൊടുക്കുകയും പതിനാലു ദിവസത്തെ പുല ആചരിക്കുകയും ചെയ്യുന്നു. ചേലയുടെ വളകൾ ഗുരു മരിച്ചുപോയ മറ്റു ചേലകളാണ് ഉടച്ചു കളയുക. ഗുരു ഇല്ലാത്തവർ നിസ്വരാണ്. വൈധവ്യം ബാധിച്ച ഒരവസ്ഥയാണ് ഇവരുടേത് .മംഗളകർമ്മങ്ങളിൽ ഇവർ രണ്ടാം തരക്കാരും സ്വീകാര്യത കുറവുള്ളവരും ആണ് ഇവരുടെ സേവനം അനിവാര്യമാകുന്നത് വള ഉടക്കൽ ചടങ്ങുകളിലാണ് .ചെറു പ്രായക്കാർ ഈ കാലയളവിൽ മറ്റൊരു ഗുരുവിനെ കണ്ടെത്തി അവരുടെ ചേലകളായി ജീവിതം പുനരാരംഭിക്കുന്നു .

ഇത്തരം സ്ഥിതി വിശേഷങ്ങൾ എല്ലാം പുറമേനിന്ന് നോക്കുകയാണ് നാം ഇന്നുവരെ ചെയ്തിട്ടുള്ളത് .അവ വെള്ളിത്തിരയിലും രചനകളിലൂടെയും കണ്ടും വായിച്ചും മനസ്സിലാക്കാൻ സാധിച്ചവയാണ് .2012 ൽ പുറത്തിറക്കിയ സന്തോഷ് സൗപർണ്ണികയുടെ ചിത്രമായ അർദ്ധനാരി ട്രാൻസ് സമൂഹത്തിൻറെ സംസ്കാരവും(ദത്തെടുക്കൽ,ഗുരു-ചേല ,ഹൽദി-മെഹന്തി,മരണം )സാമൂഹിക അസമത്വവും വരച്ചിടുന്നതാണ് .വിനയൻ എന്ന കഥാപാത്രത്തിലൂടെ ച്ചിത്രം മുന്നോട്ടുവെയ്ക്കുന്ന ആശയം ഏറെ ചർച്ചചെയ്യപ്പെട്ടതാണ് .ഇത്തരത്തിലും ചെറു കഥാപാത്രങ്ങളായും മലയാള ചലച്ചിത്രലോകത്തു ട്രാൻസ് ജീവിതങ്ങൾ പലപ്പോഴായി പരീക്ഷിക്കപ്പെട്ടിട്ടുണ്ട് .അതിൽ പലതും അവരെ അപഹാസ്യവൽക്കരിക്കുന്നതിലാണ് വിജയം നേടിയിട്ടുള്ളത് .

### ഉപസംഹാരം

ഇന്നത്തെ ലോകത്ത് ലിംഗനീതിയെയും മനുഷ്യാവകാശങ്ങളെയും കുറിച്ചുള്ള ചർച്ചകൾ കൂടുതൽ ശക്തമായി ഉയർന്നുവരുന്ന സാഹചര്യത്തിലാണ് നാം ജീവിക്കുന്നത്. മനുഷ്യസമൂഹം സ്ത്രീയുടെയും പുരുഷന്റെയും മാത്രം സങ്കുചിതമായ പരിധികളിൽ ഒതുങ്ങുന്നതല്ല; അതിനപ്പുറം വ്യത്യസ്തമായ ലിംഗത്വങ്ങളും ലൈംഗികതകളും ഉൾക്കൊള്ളുന്ന വൈവിധ്യമാർന്ന ഒരു സമുച്ചയമാണ് അത്. ഈ വൈവിധ്യത്തെ അംഗീകരിക്കുകയും ഉൾക്കൊള്ളുകയും ചെയ്യുന്നതാണ് യഥാർത്ഥ ജനാധിപത്യത്തിന്റെ അടിസ്ഥാനം. എന്നാൽ സാമൂഹികമായ ഭീതിയും അവബോധത്തിന്റെ കുറവും കാരണം ലൈംഗിക-ലിംഗത്വ ന്യൂനപക്ഷങ്ങൾ ഇന്നും അനവധി വെല്ലുവിളികൾ നേരിടുകയാണ്. അവരുടെ ജീവിതാനുഭവങ്ങളും സംസ്കാരങ്ങളും അവകാശങ്ങളും മനസ്സിലാക്കേണ്ടത് അത്യാവശ്യമാണ്. ഈ പശ്ചാത്തലത്തിലാണ് ലിംഗത്വവും ലൈംഗിക ന്യൂനപക്ഷങ്ങളും സംബന്ധിച്ചുള്ള ഈ പഠനം പ്രസക്തമാകുന്നത്.

മനുഷ്യവൈവിധ്യം എന്നത് പ്രകൃതിയുടെ സ്വാഭാവിക സവിശേഷതയാണ്. അതിനെ നിരസിക്കുകയോ അടിച്ചമർത്തുകയോ ചെയ്യുന്നത് മനുഷ്യാവകാശങ്ങളുടെ ലംഘനമായി മാറുന്നു. ലൈംഗിക-ലിംഗത്വ ന്യൂനപക്ഷങ്ങൾ സമൂഹത്തിന്റെ ഒരു അവിഭാജ്യഘടകമാണെന്നും, അവരുടെ സ്വത്വം അംഗീകരിക്കപ്പെടേണ്ടതാണെന്നും തിരിച്ചറിയുന്നത് ഇന്നത്തെ കാലഘട്ടത്തിന്റെ ആവശ്യമാണ്. സാമൂഹിക അവബോധം, വിദ്യാഭ്യാസം, നിയമപരമായ സംരക്ഷണം എന്നിവയുടെ വഴിയിലൂടെ മാത്രമേ അവർക്ക് സമത്വവും മാന്യതയും ഉറപ്പാക്കാൻ കഴിയൂ. ഉൾക്കൊള്ളലും സഹവർത്തിത്വവും പ്രോത്സാഹിപ്പിക്കുന്ന ഒരു സമൂഹമാണ് യഥാർത്ഥ പുരോഗമന സമൂഹം. അതിനായി നമ്മുടെ സമീപനങ്ങളിലും ചിന്തകളിലും മാറ്റം വരുത്തേണ്ടത് ഓരോരുത്തരുടെയും ഉത്തരവാദിത്വമാണ്.

## ഗ്രന്ഥസൂചി

1. ജെറിന ,ഒരു മലയാളി ഹിജഡയുടെ ആത്മകഥ ,ഡി സി ബുക്ക്സ് കോട്ടയം,2006
2. ബഷീർ ,ശബ്ദങ്ങൾ,ഡി സി ബുക്ക്സ് കോട്ടയം ,1947
3. കേരള സംസ്ഥാന ട്രാൻസ്ജെൻഡർ ജസ്റ്റിസ് ബോർഡ്. (2015). കേരളത്തിലെ ട്രാൻസ് ജെൻഡറുകൾക്കായുള്ള സംസ്ഥാന നയം
4. സ്വപർണിക സന്തോഷ് ,അർദ്ധനാരി (ചലച്ചിത്രം )എം എസ് ജി പ്രൊഡക്ഷൻസ് ,2012
5. Neela P U,An anomalous representation of transgender identity ,IJAR,2017

**Copyright & License:**

© Authors retain the copyright of this article. This work is published under the Creative Commons Attribution 4.0 International License (CC BY 4.0), permitting unrestricted use, distribution, and reproduction in any medium, provided the original work is properly cited.